"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിനു കീഴിൽ എറണാകുളം ജില്ലയിൽ പ്രവർത്തിച്ചു വരുന്ന കീഴ്മാട് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.681/2024/SCSTD തീയതി,തിരുവനന്തപുരം, 14-08-2024

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 22/6/2024 ലെ SCDD/2810/2024-C1 (EDN C) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ എറണാകുളം ജില്ലയിൽ പ്രവർത്തിച്ചു വരുന്ന കീഴ്മാട് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വയറിംഗിന് കാലപ്പഴക്കം വന്നതിനാൽ അപകടാവസ്ഥ ഒഴിവാക്കുന്നതിനായി അടിയന്തര അറ്റകുറ്റപ്പണികൾ നടത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും അതിനായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ 13,99,000/- രൂപയുടെ എസ്റ്റിമേറ്റ്, ശിപാർശ സഹിതം എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസർ സമർപ്പിച്ചിട്ടുണ്ടെന്നും അതിനാൽ കീഴ്മാട് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 13,99,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കണമെന്നും പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുന്ന പക്ഷം ഇതിനാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 4225-01-800-89 (പി) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്നും പരാമർശപ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കീഴ്മാട് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തെ 4225-01-800-89 (പി) എന്ന ശീർഷകത്തിൽ നിന്നും 13,99,000/-(പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരം രൂപ മാത്രം) രൂപ അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മേരി ജോ വി.
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (7/8/2024 ലെ WW-WW3/104/2024-FIN പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

Signed by H Suni
Date: 16-08-2024 10:00:39